ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം:ഇ7/3530/2014/സി.ഇ/തസ്വഭവ (Vol II)  തീയതി: 13/11/2015

# സർക്കുലർ

വിഷയം:- തസ്വഭവ - ജീവനക്കാര്യം - പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിലെ ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന:-
1) GO(P)No. 148/2015/LSGD dated 30.04.2015.
2) GO(P)No. 150/2015/LSGD dated 30.04.2015.
3) GO(P)No. 152/2015/LSGD dated 30.04.2015.
4) GO(P)No. 153/2015/LSGD dated 30.04.2015.
5) GO(P)No. 179/2015/LSGD dated 26.05.2015.

സൂചനയിൽ പ്രതിപാദിച്ചിരിക്കുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ 31 ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി ഉയർത്തുകയും, കണ്ണൂർ ജില്ലയിലെ5ഗ്രാമപഞ്ചായത്തുകൾ കണ്ണൂർ മുനിസിപ്പാലിറ്റിയോട് കൂട്ടിച്ചേർത്ത് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ ആയി ഉയർത്തുകയും, കൊല്ലം ജില്ലയിലെ ഒരു ഗ്രാമപഞ്ചായത്ത് കൊല്ലം കോർപ്പറേഷനോട് കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്.

മുനിസിപ്പാലിറ്റികളായി ഉയർത്തപ്പെടുകയും, അവിടുത്തെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കൺട്രോളിംഗ് ഓഫീസർമാരായി മാറ്റിയ അസിസ്റ്റന്റ് എഞ്ചിനീയർമാരെ ഡി.ഡി.ഒ-മാരായി ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്.

മേൽസാഹചര്യത്തിൽ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ മുനിസിപ്പാലിറ്റികളായി ഉയർത്തപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ ശമ്പളം ഇപ്പോൾ ശമ്പളം വാങ്ങുന്ന ഓഫീസുകളിൽ നിന്നും നൽകേണ്ടതാണ്. എന്നാൽ കണ്ണൂർ കോർപ്പറേഷനിലേക്കും, കൊല്ലം കോർപ്പറേഷനിലേക്കും മാറ്റപ്പെട്ട ജീവനക്കാർക്ക് ബന്ധപ്പെട്ട കോർപ്പറേഷനിൽ നിന്നും തന്നെ ശമ്പളം നൽകേണ്ടതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**ജൂനിയർ സൂപ്രണ്ട്**
(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധികചുമതല)

പകർപ്പ് : ബന്ധപ്പെട്ട ഗ്രാമ / ബ്ലോക്ക് / മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളിലെ ഡി.ഡി.ഒ മാരുടെ അറിവിലേക്കും, തുടർനടപടികൾക്കുമായി

P 1349